DESPATCHED
On 1/6/2020
29/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1253(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8589/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. കെ.പി. ചന്ദ്രശേഖര മേനോൻ,
കിഴക്കേമഠം,
തൃക്കാരിയൂർ പി.ഒ.,
കോതമംഗലം, എറണാകുളം. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കേന്ദ്രസ്ഥാനം), കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ (അക്കൗണ്ട്സ്), കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/04/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 28/04/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 11/08/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08/07/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 14/07/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/07/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/08/2016 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28/02/2020 – സംസ്ഥാന വിവരാവകാശ കമ്മീഷൻ ആഫീസ്, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.പി.ചന്ദ്രശേഖര മേനോൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, എതിർകക്ഷികൾ വിവരാവകാശ നിയമപ്രകാരം

ആവശ്യപ്പെടുന്ന രേഖകളോ കൃത്യമായ മറുപടിയോ നൽകാറില്ല എന്നും ബന്ധപ്പെട്ട സെക്ഷനിൽ നിന്നും വിവരം ലഭിക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നാണ് അറിയിക്കാറുള്ളതെന്നും അപ്രകാരം മറുപടി നൽകി അപേക്ഷകനെ കബളിപ്പിക്കുകയാണെന്നും അപ്പീൽ അധികാരി വിവരങ്ങൾ ലഭ്യമാക്കുന്നതിൽ യാതൊരു നടപടിയും സ്വീകരിക്കാറില്ലെന്നും ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം മൂന്നാമതൊരു കക്ഷി വഴിയല്ല വിവരം നൽകേണ്ടതെന്നും അപ്പീൽ അധികാരി യാതൊരു മറുപടിയും രേഖയും നൽകിയിട്ടില്ലെന്നും കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർ കോടികൾ കമ്മീഷൻ അടിച്ചു മാറ്റിയതായി ജീവനക്കാർക്കിടയിൽ സംസാരമുണ്ടെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ബാങ്കിംഗ് കൺസോർഷ്യം വഴി 1300 കോടി രൂപയുടെ ബാങ്ക് ലോൺ സാദ്ധ്യമാക്കിയതിൽ കൺസൽട്ടിംഗ് ഏജൻസിക്ക് എത്ര കോടി രൂപയുടെ കമ്മീഷൻ കെ.എസ്.ആർ.ടി.സി.യുടെ ഫണ്ടിൽ നിന്നും ചെലവഴിച്ചു എന്നും

ii. ടി കൺസൽട്ടിംഗ് ഏജൻസിയുടെ പേര്, അഡ്രസ്സ് എന്നിവ വെളിപ്പെടുത്തണമെന്നും കമ്മീഷൻ കൈപ്പറ്റ് രേഖ നൽകണമെന്നും

iii. കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥർക്ക് ബാങ്ക് ലോൺ തരപ്പെടുത്തലിന് കൺസൽട്ടിംഗ് ഏജന്റായി പ്രവർത്തിക്കാൻ അനുവദിക്കുന്ന നിയമം ഏതെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ നൽകിയ മറുപടിയിൽ ഒന്നാം എതിർകക്ഷി അറിയിച്ചത്, കമ്മീഷൻ നൽകിയിട്ടില്ല എന്നും കൺസൽട്ടിംഗ് ഏജൻസിയുടെ പേര് SBI Capital Markets Limited എന്നാണെന്നും 3-ാം ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്തെന്നു വ്യക്തമല്ലെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, സ്ഥിരം കൈമാറ്റ മറുപടി സ്വീകാര്യമല്ലെന്നും മുൻ നിരവധി ഒന്നാം അപ്പീലുകളിൽ അപ്പീലധികാരി മറുപടി നൽകാതെ നിയമലംഘനം നടത്തിയിട്ടുള്ളതാണെന്നും ടിയാൻ ആവശ്യപ്പെട്ട രേഖകളും സർട്ടിഫൈഡ് പകർപ്പുകളും ലഭ്യമാക്കണമെന്നുമാണ്. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ വ്യക്തമായ വിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതിനാൽ അപ്പീൽ തീർപ്പാക്കുന്നു എന്നാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി വ്യക്തമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ഹർജിക്കാരനു മറുപടി നൽകിയിരുന്നതായി കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 3-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വ്യക്തമല്ലാതിരുന്നതിനാലാണ് ടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത് എന്തെന്ന് വ്യക്തമല്ലെന്നു അറിയിച്ച് മറുപടി നൽകിയിരുന്നതായി കാണുന്നത്. ആയതിൽ അപാകതയില്ലെന്നു കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി സംബന്ധിച്ച് വ്യക്തമായ യാതൊരു ആക്ഷേപവും

RIGHT TO INFORMATION

ഉന്നയിച്ചതായും കാണുന്നില്ല. അപ്രകാരം തന്നെ കെ.എസ്.ആർ.ടി.സി. കേന്ദ്രസ്ഥാനത്ത് ഒരു എസ്.പി.ഐ.ഒ. മാത്രമാണുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കി നൽകുകയാണ് ടി എസ്.പി.ഐ.ഒ. ചെയ്യുന്നതെന്നും കാണുന്നു. ആയതിൽ വിവരാവകാശ നിയമപ്രകാരം അപാകതയൊന്നുമില്ല.

4. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 29-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

us